# കാടകം പുകയുമ്പോൾ

മുരളി കുട്ടമ്പുഴ

വനത്തേചൊല്ലിയുള്ള മുറവിളി കേവലം കുറച്ചു പരിസ്ഥിതിപ്രേമികളുടേതു മാത്രമായി മാറിയിരിക്കുന്നു എന്നു തോന്നുന്നു. ആധുനിക സമൂഹം അറിവില്ലായ്മകൊണ്ടൊന്നുമല്ല പരിസ്ഥിതിയെതാറുമാറാക്കുന്നത്. ആമസോൺ വനാന്തരങ്ങൾ കഴിഞ്ഞാൽ സമുദ്രനിരപ്പിനോട് ചേർന്നുകിടക്കുന്ന നിത്യഹരിതവനമായ പൂയംകുട്ടി കാടുകൾക്കകം പുകയുകയാണ്. കാട്ടുതീ വീണും, കാടിനെ കാവായികണ്ടിരുന്ന ആദിവാസികളുടെ നിലപാടുമൂലവും ഇടതിങ്ങിയ വനത്തിന്റെ നല്ലൊരു ഭാഗവും തരിശോ, നാണ്യവിളനിലമോ ആയിമാറിയിരിക്കുന്നു.

മരംവെട്ടാനടുക്കുന്നവനോട് തിരിച്ചുഞാനും വെട്ടുമെന്നോ, എന്നെ കൊല്ലരുതെന്നോ പറയാൻ മരങ്ങൾക്കാകുമായിരുന്നെങ്കിൽ വനം നിലനിന്നേനെ. ജൈവവൈവിധ്യത കൊണ്ടും, കാനനവിസ്മയങ്ങൾകൊണ്ടും സമ്പന്നമായൊരു ആവാസ വ്യവസ്ഥക്കുമേൽ കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് നടത്തുന്ന പരാക്രമങ്ങൾ എന്തുവിലകൊടുത്തും നേരിടാൻ പരിസ്ഥിതികൂട്ടായ്മ മുന്നോട്ടുവരണം.

എന്നാൽ സ്വാഭാവികവനങ്ങളിൽ മാത്രം വൈദ്യുത പദ്ധതി പടുത്തുയർത്തുമ്പോൾ, വനം നശിക്കുന്നതിന് പരോക്ഷമായെങ്കിലും കൂട്ടുനിൽക്കുന്നവരാകുന്നു ആദിവാസികൾ. ഇല്ലായ്മക്കാരും വല്ലായ്മക്കാരും നിരക്ഷരരുമൊക്കെയായി മലമക്കളെ നമ്മൾ വിശകലനം ചെയ്യുമ്പോൾ കാടിനകത്ത് വിത്തെറിഞ്ഞ്, വിളവെടുത്ത് തരിശാക്കി പുതിയ കൃഷിയിടം തേടുന്നതിൽ ആനന്ദം കണ്ടെത്തുന്നവരായി മാറിയിരിക്കുന്നു ഈ കാടിന്റെ സന്തതികൾ.


വാരിയം ആദിവാസി കുടിയിലെ കാണിക്കാരന്റെ നേതൃത്വത്തിൽ കണ്ടംപാറ പുഴയോരത്തെത്തി കുടിൽ നാട്ടിയിരിക്കുന്നവർ

പൂയംകുട്ടി, തലവച്ചുപാറ, കുഞ്ചിപ്പാറ, വാരിയം മേഖലകളിൽ കുറെയേറെ വനം അന്യമായിട്ടുണ്ട്. ആയിരകണക്കിനേക്കർ വരുന്ന ഈ ഭൂമിയുടെ തെളിവില്ലാഅവകാശികളായി നാട്ടുകാരും കാര്യങ്ങൾ നീക്കുന്നു. കൃഷി ചെയ്ത് ആദ്യവിളവെടുപ്പിനുശേഷം ഉപേക്ഷിക്കുന്ന വനം നാണ്യവിളകളുടേതാക്കുന്നവർ നാട്ടുകാരാണ്.

പ്രാകൃത വേഷക്കാരായിരുന്ന മുതുവാൻ - മന്നാൻ - അരയസമുദായക്കാർ വിവേചിച്ചറിയാനാകാത്ത പരിഷ്കാരികളാണ് ഇന്ന്.

കേരളത്തിന്റെ കാലാവസ്ഥ കിഴക്കൻകാടുകളെ കൂടി ആശ്രയിച്ചുള്ളതാണ്. ഒരു സ്പീഷ്യസിന് വളരാൻ അയ്യായിരത്തിലധികം ചതുരശ്രഅടിയിലെ ആവാസ വ്യവസ്ഥ വേണമെന്നതാണ്. അത്തരത്തിൽ 14 ഓളം ആദിവാസികുട്ടികൾ വനത്തിൽ ഉൾക്കൊള്ളുന്ന പൂയംകുട്ടി വനത്തിന്റെ സവിശേഷതകളിൽ ചിലതിന്റെ ഏകദേശ കണക്ക് ശ്രദ്ധിക്കു.

ഒരില അടർന്നാൽ മാറ്റം വരുന്ന കാലാവസ്ഥക്കുള്ളിൽ 600 ലധികം ഇനം സസ്യങ്ങൾ, പുഴയിൽ 34 ഇനം മൽസ്യങ്ങൾ, 22 ഇനം ഉദയജീവികൾ, 43 തരം ഉരഗവർഗ്ഗങ്ങൾ, 168 ഇനം പക്ഷികൾ, 22 ഇനം സസ്തനികൾ, അരക്ക്, പശ, സുഗന്ധദ്രവ്യങ്ങൾ, കാലിതീറ്റക്ക് ഉപകരിക്കുന്നവ മുതൽ ശ്രേഷ്ഠവും, വൈവിധ്യവുമായ വനവിഭങ്ങൾ കൊണ്ട് വേറിട്ടുനിൽക്കുന്നകാട്ടിൽ കത്തിവെയ്ക്കുന്നത് വനംകൈയ്യേറ്റക്കാരെ പിന്നിൽ നിർത്തി ആദിവാസികളാണെന്നു പറയാതിരിക്കാൻ വയ്യ.

കാടുതെളിച്ച് നാട്ടുകാർക്കു നൽകി കാടിറങ്ങുന്നവരുടെ ഇപ്പോഴത്തെ പുതിയ ഭാഷ്യം, വന്യമൃഗശല്യവും, ദാരിദ്ര്യവും, കൃഷി നശീകരണവുമാണ്. വാരിയം കുടിയിറങ്ങി കണ്ടംപാറയിലെത്തിയിരിക്കുന്നവരെ സംരക്ഷിക്കണം. പക്ഷേ അത് തെളിഞ്ഞ വനം ഉപേക്ഷിച്ച് പുതിയതു നൽകി കൊണ്ടാകരുത്. വനം സംരക്ഷണത്തിൽ ആദിവാസികളിലുണ്ടായിരിക്കുന്ന ആധുനിക കാഴ്ച്ചപ്പാടിൽ ഒട്ടേറെ വൈകല്യതകളുള്ളപ്പോൾ ഈ സമൂഹത്തെ ഒന്നാകെ വനത്തിനുപുറത്തെത്തിച്ച് വാസയോഗ്യമായ സൗകര്യങ്ങൾ കൊടുത്ത് ശേഷിക്കുന്ന പച്ചപ് ഭാവിക്കുവേണ്ടി നിലനിർത്താൻ സർക്കാരിന്റെ ഭാഗത്തുനിന്നും നടപടി വേണം.

പലവട്ടം പരിസ്ഥിതിക്കാരുടെ എതിർപ്പിൽ ഉപേക്ഷിച്ച പൂയംകുട്ടി പദ്ധതിവീണ്ടും ചിറകുകുടയുകയാണ്. പരിസ്ഥിതി പ്രവർത്തകർ പൂയംകുട്ടികാടുകൾ സന്ദർശിച്ച് ഭാവിസമരപരിപാടികൾക്കു രൂപം നൽകി വരികയാണ്.